**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2460** **21-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി മണ്ഡലത്തിൽ കായിക വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കൊച്ചി മണ്ഡലത്തിൽ കായിക വകുപ്പ് പ്രഖ്യാപിച്ചതും അനുമതി നൽകിയതുമായ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'കിക്കോഫ്' എന്ന പേരിൽ ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ചിരുന്നു. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 33 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി കൊച്ചി നിയോജകമണ്ഡലത്തിലെ എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്, ഫോർട്ട് കൊച്ചിയിലും നടപ്പിലാക്കി വരുന്നുണ്ട്. കോവിഡ് 19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി കിക്കോഫ് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ? | (ബി) | ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'കിക്കോഫ്' എന്ന പേരിൽ ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ചിരുന്നു. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 33 |

| | | | |
|---|---|---|---|
| | | | സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി കൊച്ചി നിയോജകമണ്ഡലത്തിലെ എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്, ഫോർട്ട് കൊച്ചിയിലും നടപ്പിലാക്കി വരുന്നുണ്ട്. കോവിഡ് 19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി കിക്കോഫ് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ